**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 831** **06-12-2022 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ടോ; വിവരം നൽകുമോ ; | (എ) | ഉണ്ട്. കണ്ണൂർ താലൂക്ക് കല്യാശ്ശേരി അംശം ദേശം റീസർവ്വെ 387/2-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിനായി കെട്ടിടം നിർമ്മിക്കുവാൻ ഭൂമി ലഭ്യമായിട്ടുണ്ട്. |
| (ബി) | എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | കല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിനായി ലഭ്യമായ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ